LIBRARY ARCHIVES Kerala Legislative Assembly

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ചാർജിൽ ഇളവനുവദിക്കാൻ നടപടി

*15 [354] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ചാർജിൽ കൺസഷൻ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പ്രസ്തുത കൺസഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) നൽകുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രൊഫഷണൽ വിദ്യാർത്ഥികളെ ദത്തെടുക്കൽ പദ്ധതി

*16 [355] ശ്രീ. എം. പി. ഗംഗാധരൻ:

,, എം. മുരളി:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, എ. പി. അനിൽകുമാർ:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുമുൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് പ്രൊഫഷണൽ വിദ്യാർത്ഥികളെ ദത്തെടുക്കാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇതിന് പരിപാടിയുള്ളത് എന്നറിയിക്കാമോ;

(സി) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും നൽകുവാൻ സഹകരണ ബാങ്കുകൾക്ക് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല.

(ബി) ചോദ്യം പ്രസക്തമല്ല.

(സി) ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം

*17 [356] ശ്രീ. അടൂർ പ്രകാശ്:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. എൻ. പ്രതാപൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര അനാഥ ശിശുക്കളെ പ്രസ്തുത സമിതിക്ക് ലഭിച്ചിട്ടുണ്ട്;

(ഡി) അതിൽ എത്ര കുട്ടികളെ ദത്തു നൽകൽ വ്യവസ്ഥ പ്രകാരം ദത്തെടുക്കാൻ തയ്യാറായ മാതാപിതാക്കൾക്ക് നൽകിയിട്ടുണ്ട്;

(ഇ) പ്രസ്തുത കുട്ടികളെ ദത്തെടുക്കാൻ അപേക്ഷകളുള്ളപ്പോൾ ദത്ത് നൽകുന്നതിൽ കാലതാമസമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ആക്ഷേപമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly